മായി നൽകിയിട്ടുണ്ട്, ഫിഷറീസ് ഡിപ്പാർട്ടുമെൻറിൽനിന്നും പണി തീർത്ത് ഇനിയും മെയിൻറനൻസ് നടത്തിയിട്ടില്ലാത്ത എല്ലാ റോഡുകളും പൊതുമരാമത്തുവകുപ്പിനെ ഏൽപിക്കേണ്ടതാണെന്നും ഭാവിയിൽ അവയുടെ മെയിൻറനൻസ് ജോലികൾ പൊതുമരാമത്തു വകുപ്പ് നേരിട്ടു നടത്തേണ്ടതാണെന്നും 8.2.1979-ലെ ജി.ഒ. (എം.എസ്.) 13/79/ഡി.ഡി. പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ഇഞ്ചികൃഷിക്കാർക്ക് അനുഭവപ്പെടുന്ന പ്രയാസങ്ങൾ

* 522 [551] ശ്രീ. പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇഞ്ചികൃഷിക്കാർക്ക് അനുഭവപ്പെടുന്ന പ്രയാസങ്ങളെകുറിച്ച് എന്തെങ്കിലും നിവേദനം ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെ ആണെന്ന് വ്യക്തമാക്കാമോ;

(സി) അവ പരിഹരിച്ച് കൃഷിക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് ഗവൺമെൻറ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) 1. ഇഞ്ചിയുടെയും, മഞ്ഞളിൻെറയും കയറ്റുമതിയിൽ കേന്ദ്രഗവൺമെൻറിൻെറ കയറ്റുമതി വികസന കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ മാറ്റാൻ നടപടികൾ സ്വീകരിക്കുക.

2. ചുക്കിൻെറ ഉൽപ്പാദനവും വിപണനവും വിപുലപ്പെടുത്തുവാനായി ഒരു ജിഞ്ചർ ബോർഡ് രൂപീകരിക്കുക.

3. ചുക്ക് കേടുകൂടാതെ സൂക്ഷിക്കുവാനും, വില കൂടുതൽ ഉണ്ടാകുമ്പോൾ സാധാരണ കർഷകന് പരമാവധി പ്രയോജനം ലഭിക്കുവാനും ഉതകുന്നരീതിയിൽ 'പ്രസർവേഷൻ ഗോഡൗണുകൾ' ഇഞ്ചികൃഷി കൂടുതലുള്ള മേഖലകളിൽ സ്ഥാപിക്കുക.

4. ഒരു പ്രധാന വിദേശനാണ്യവിളയായ ഇഞ്ചിക്കും കുരുമുളകു കൃഷിക്കെന്നപോലെ ലോകബാങ്കിൽനിന്നുള്ള ധനസഹായം ലഭ്യമാക്കുക.

5. കുരുമുളകിൻെറ വിലനിലവാരം പിടിച്ചു നിർത്തുവാൻ രൂപം കൊടുത്തിട്ടുള്ള പെപ്പർ കമ്മ്യൂണിറ്റിയുടെ മാതൃകയിൽ ഒരു ജിഞ്ചർ കമ്മ്യൂണിറ്റി രൂപീകരിക്കുവാൻ കേന്ദ്രഗവൺമെൻറിൽ പ്രേരണ ചെലുത്തുക.

6. ഇഞ്ചിയുടെയും ചുക്കിൻെറയും കയറ്റുമതി വ്യാപാരികളെ പ്രോൽസാഹിപ്പിക്കുക.

7. ഫോറസ്റ്റ് പ്ലാൻേറഷൻ ഏരിയായിൽ ഇടകൃഷിയായി ഇഞ്ചികൃഷി ചെയ്യുന്നതിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണ ഉത്തരവ് പിൻവലിക്കുക തുടങ്ങിയവ.

(സി) 1. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കയറ്റുമതിയിൽ 1977-78 വർഷത്തിൽ കേന്ദ്രഗവൺമെൻറ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംസ്ഥാന ഗവൺമെൻറിൻെറയും നാണ്യവിള കയറ്റുമതി കൗൺസിലിൻെറയും നിവേദനത്തിൻെറ ഫലമായി അയവു ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ഏലം ഒഴികെയുള്ള മറ്റെല്ലാ സുഗന്ധദ്രവ്യങ്ങൾക്കും കൂടി ഒരു ബോർഡ് രൂപീകരിക്കുന്ന കാര്യം കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്നതായി അറിയുന്നു.

3. ചുക്ക് കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ശാസ്ത്രീയസംവിധാനം സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ പ്രധാന ഉൽപ്പാദന കേന്ദ്രങ്ങളിൽ നടത്തുന്ന ഗോഡൗണുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

4. ഇഞ്ചി കൃഷിക്ക് ലോകബാങ്കിന്റെ സഹായം ലഭ്യമാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

5. ജിഞ്ചർ കമ്മ്യൂണിറ്റി രൂപീകരിക്കുന്നതിനെപ്പറ്റിയും കയറ്റുമതി വ്യാപാരികളെ പ്രോൽസാഹിപ്പിക്കുന്നതിനെപ്പറ്റിയും കേന്ദ്ര ഗവൺമെന്റിൽ വേണ്ട പ്രേരണ ചെലുത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

6. ഫോറസ്റ്റ് പ്ലാന്റേഷനുകളിൽ ഇഞ്ചി കൃഷി ചെയ്യുന്നതിനെപ്പറ്റി ഗവൺമെന്റ് വനംവകുപ്പുമായി ആലോചിച്ച് തീരുമാനം എടുക്കുന്നതാണ്.

ഗ്രാമവികസനത്തിന് ഫണ്ട് സ്വരൂപിക്കാൻ സംവിധാനം

* 523 [553] ശ്രീ. കെ.കെ.എസ്. തങ്കം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ഭരണത്തിൽ ഗ്രാമവികസനം ലക്ഷ്യം വച്ച് പ്രവർത്തിക്കാൻ വേണ്ട ഫണ്ട് സ്വരൂപിക്കാൻ പഞ്ചായത്തുകൾക്ക് എന്തെങ്കിലും സംവിധാനം ഇന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത്?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) കെട്ടിടനികുതി, തൊഴിൽ നികുതി, വാഹനനികുതി, വിനോദനികുതി, സർവീസ് ടാക്സ്, വസ്തുകൈമാറ്റത്തിൽ ഉള്ള ഡ്യൂട്ടി, മാർക്കറ്റിൽനിന്നുള്ള വരവ്, ലൈസൻസ് ഫീസിൽനിന്നുള്ള വരവ്, ബസ്സ്റ്റാൻഡ്, കാർട്ട് സ്റ്റാൻഡ്, ഷോപ്പിംഗ് സെന്റർ എന്നിവിടങ്ങളിൽനിന്നുള്ള വരവും ഗ്രാമവികസനത്തിനുവേണ്ടി ചെലവഴിക്കാവുന്നതാണ്. അതിനുപുറമേ വരവ് വർദ്ധിപ്പിക്കുന്നതിനുള്ള ആദായം ലഭിക്കുന്നതായ മാർക്കറ്റ് സ്റ്റാൾ, ഷോപ്പിംഗ് സെന്റർ എന്നിവ സ്വന്തം പണം ഉപയോഗിച്ച് ചെയ്യാവുന്നതും പണം ഇല്ലാത്ത പക്ഷം ഗ്രാമവികസന ബോർഡിനെ സമീപിക്കാവുന്നതുമാണ്.

ഇന്റേൺഷിപ്പു നടത്തുന്ന വിദ്യാർത്ഥികൾക്കു ലഭിക്കുന്ന അലവൻസ്

* 524 [554] ശ്രീ. ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി, അലോപ്പതി, ആയുർവ്വേദം അതിലേതെങ്കിലും കോഴ്സുകൾ പാസ്സായി ഇന്റേൺഷിപ്പു നടത്തുന്ന ഓരോ വിദ്യാർത്ഥികൾക്കും കിട്ടുന്ന അലവൻസ് എത്രയെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly